LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം നിർദ്ദേശങ്ങൾ നൽകുകയും പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. സംസ്ഥാന തലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്.

(ബി) ഗ്രോബാഗ് പദ്ധതി പ്രകാരം 25 ഗ്രോബാഗുകളടങ്ങുന്ന ഒരു ഗ്രോബാഗ് യൂണിറ്റിൽ പ്രധാനപ്പെട്ട 4-6 ഇനം പച്ചക്കറികളുടെ വ്യാപനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ചീര, മുളക്, വഴുതന, വെണ്ട, കുറ്റിപ്പയറ്, തക്കാളി തുടങ്ങിയ പന്തൽ വേണ്ടാത്ത ഇനങ്ങളാണ് കൃഷി ചെയ്യുന്നതിനായി വിതരണം ചെയ്യുന്നത്. വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ കാബേജ്, കോളിഫ്ളവർ, പാലക് തുടങ്ങി ശീതകാല പച്ചക്കറിത്തൈകളും നൽകുന്നു.

(സി) ഓരോ ഗ്രോബാഗ് നിർമ്മിക്കുന്നതിനും 80 രൂപയാണ് ചിലവ് വരുന്നത്. അതിൽ 60 രൂപ സഹായധനമായി കണക്കാക്കി 20 രൂപ മാത്രമാണ് കർഷകരിൽ നിന്നും ഈടാക്കുന്നത്.

80 രൂപ വിലയുള്ള 25 ഗ്രോബാഗുകൾ കർഷകർക്ക് 1,500 രൂപ സബ്സിഡിയോടുകൂടി 500 രൂപയ്ക്കാണ് വിതരണം ചെയ്തിരുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013-14-ൽ സംസ്ഥാനത്ത് മൊത്തം 27837 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തിരുന്നു. 2014-15-ൽ ആകട്ടെ 26-5-2014-ലെ വി.സി. 8278/14 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തൊട്ടാകെ 28334 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യാനുള്ള പ്രവർത്തന നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. അതനുസരിച്ച്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരള വിത്ത് വികസന അതോറിറ്റി, കൃഷി വകുപ്പ് ഫാമുകൾ എന്നിവവഴി ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ

95 (7392) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക വിളകൾക്കുണ്ടാകാവുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2008-09 മുതൽ നടപ്പിലാക്കിവരുന്നു. അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഓരോ വിളകളുടെയും ഉല്പാദനത്തിൽ സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാ ഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് മാനദണ്ഡമാക്കിയിരിക്കുന്നത്. ഓരോ സീസണിലും ഏതെല്ലാം വിളകളെയാണ് കാലാവസ്ഥാവ്യതിയാനം ബാധിക്കുന്നത് എന്നത് കണക്കിലെടുത്താണ് പദ്ധതിയുടെ പ്രഖ്യാപിത പ്രദേശങ്ങളേയും വിളകളേയും തീരുമാനിക്കുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന മഴക്കുറവ്, അതിവൃഷ്ടി, ഉണക്ക്, രോഗകീടാക്രമണ സാധ്യതയുള്ള കാലാവസ്ഥ, ശക്തിയായ കാറ്റ്, ഉയർന്ന ചൂട് മുതലായ പ്രതികൂല സാഹചര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കർഷക ദിനാചരണം

96 (7393) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കർഷകർക്ക് പുതിയ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും പുതിയ മാർക്കറ്റിംഗ് രീതികൾ പരിചയപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങൾ കർഷക ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനതലത്തിൽ കർഷകദിനം ആഗസ്റ്റ് 16-ന് കോഴിക്കോട് ബീച്ച് മൈതാനത്തിൽ വച്ച് നടത്തുന്നതാണ്. ഇതിനോട് അനുബന്ധിച്ച് വിവിധ സംസ്ഥാനതല കർഷക അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. 2014 ആഗസ്റ്റ് 17, 18, 19 എന്നീ ദിവസങ്ങളിൽ സെമിനാറുകൾ, എക്സിബിഷനുകൾ, കുട്ടികൾക്കുള്ള വിവിധ മത്സരങ്ങൾ, അകപെറ്റ് ഷോകൾ, വൈകുന്നേരങ്ങളിൽ കലാസന്ധ്യ എന്നിവ നടത്തുന്നതാണ്. ആഗസ്റ്റ 19-ന് സമാപന സമ്മേളനം നടത്തും. പരിപാടി വിജയകരമായി നടത്തുന്നതിനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) ആഗസ്റ്റ് 16 കർഷകദിനം സംസ്ഥാനതലത്തിൽ ആചരിക്കുന്നതിന് പുറമേ, എല്ലാ കൃഷിഭവനിലും അന്നേ ദിവസം സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ നടത്തുന്നതാണ്. രോഗകീട പ്രതിരോധ മാർഗ്ഗങ്ങൾ, പുത്തൻ സാങ്കേതിക വിദ്യ എന്നിവയും ചർച്ചാവിഷയങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly